61st Kerala State School Kalolsavam - Jan 03 To 07, 2023
Kozhikode

Item Code: 640 Participant Code: 107

## കഥാരചന [HS]

## വിഷയം: വലക്കണ്ണികൾ

## പെയ്തൊഴിയാതെ

ഇരുളിനെയും ഏകാന്തതയെയും ഭേദിച്ച് കിഴക്ക് ചക്രവാളത്തിൽ നിന്നും പുഞ്ചിരി തൂകുന്ന ഉദയസൂര്യൻ. ഇലത്തുമ്പുകളിൽ നിന്ന് ഭൂമിയെ കുളിരണിയിക്കുന്ന വെള്ളിമുത്തുകൾ. മധുരമായ തന്റെ നാദത്തെ പ്രകൃതിയുടെ ശബ്ദമാക്കുന്ന ചെറുകിളികൾ. എങ്ങും ഐശ്വര്യത്തിന്റെയും പ്രത്യാശയുടെയും തൂവെളിച്ചം.

ജനൽ അഴികൾക്ക് ഇടയിലൂടെ മാരുതന്റെ തഴുകലാണ് അജ്ജു പുലരിയെ വരവേറ്റത്. പുറത്തേക്ക് കാൽവെച്ച അവനെ ആ മാരുതൻ ഒന്നുകൂടി തഴുകി. അവൻ നേരെ അവന്റെ സ്വർഗത്തിലേക്ക് പോവാൻ തയ്യാറായി. അവനായി ഉള്ള മറ്റു കാര്യങ്ങൾ അവന്റെ മാതാപിതാക്കൾ ചെയ്തു. അവർക്ക് ഒരു മകനെ ഉണ്ടായിരുന്നുള്ളൂ. അതുകൊണ്ട് തന്നെ വളരെ അധികം ലാളനകൾ ഓട് കൂടിയാണ് അവർ അവനെ നോക്കിയത്. സ്നേഹബന്ധത്തിന്റെ നൂല്ചരടാൽ ബന്ധിതമായിരുന്നു ആ ചെറുകുടുംബം.

(**Note**: Graded Items may be published in **Schoolwki.** So write neatly. Don't fold paper. Don't write overleaf)

അപ്പുവിന്റെ മാതാപിതാക്കൾ അവന് നൽകുന്ന സ്നേഹത്തിന് പകരമായി അവരുടെ അഭിമാനമായി അവൻ വളർന്നു..

അങ്ങനെ അവൻ അച്ഛൻ ഒപ്പം അവൻ സ്വർഗതുല്യമായി കരുതുന്ന വിദ്യാലയത്തിലേക്ക് പറിച്ചുനട്ടു. പാതിവഴിയിൽ വെച്ച് അവന്റെ പ്രിയസുഹൃത്ത് അനന്ദുവും അവരോടൊപ്പം ചേർന്നു. അപ്പുവിനെപ്പോലെ തന്നെ പഠനത്തിൽ വളരെ മികവു പുലർത്തിയിരുന്ന ഒരു വിദ്യാർത്ഥിയായിരുന്നു അനന്ദു. എന്നാൽ അവന്റെ ജീവിതസാഹചര്യം വളരെ കഷ്ടതകൾ നിറഞ്ഞതായിരുന്നു. അവൻ ഒന്നര വയസ്സ് ആയിരുന്ന സമയത്ത് ഉണ്ടായ ഒരു ബസ്സ് അപകടത്തിൽ അവന് അച്ഛനെയും അമ്മയെയും നഷ്ടമായി. അതിനുശേഷം അവനെ വളർത്തിയത് അവന്റെ അമ്മായിയും അമ്മാവനും ചേർന്നാണ്. അവരാണ് അച്ഛന്റെ പേരിലുള്ള സ്വത്തും മറ്റും കൈവശപ്പെടുത്തി അവനെ ശാരീരികവും മാനസികവും ആയി ഉപദ്രവിച്ചു. ഈ ലോകത്ത് തന്നെ സ്നേഹിക്കാൻ ആരും ഇല്ല എന്ന് കരുതിയ സമയത്താണ് അപ്പു അനന്ദുവിന്റെ ജീവിതത്തിൽ എത്തിയത്. അവനെ മനസ്സിലാക്കുന്ന നല്ലൊരു സുഹൃത്തായി. അവരുടെ സൗഹൃദം എന്ന്

മാത്രം ദുരിതം നിറഞ്ഞതായിരുന്നു എന്ന് അജ്ജുവിന്റെ
മാതാപിതാക്കൾക്ക് അറിയാമായിരുന്നു. അതിനാൽ തന്നെ
അവർ അനന്ദുവിനെ സ്വന്തം മകനായി കണ്ടു.

അവർ ഇരുവരും വിദ്യാലയത്തിൽ എത്തി.
നീണ്ട ഒരാഴ്ച്ചത്തെ അവധിക്ക് ശേഷം ആണ് അവർ
വിദ്യാലയത്തിൽ എത്തുന്നത്. അതിനാൽ തന്നെ
പരീക്ഷാഫലം എന്തായിരിക്കും എന്ന ചെറിയ പേടി
എല്ലാ വിദ്യാർത്ഥികളുടെയും മുഖത്ത് നിഴലിച്ചു. ഫലം
അറിഞ്ഞപ്പോൾ അവരുടെ ക്ലാസ്സിലെ ഒന്നാം സ്ഥാനം
അജ്ജുവും അനന്ദുവും പങ്കിട്ടു. അദ്ധ്യാപകർ അവർ
ഇരുവരെയും പ്രശംസിച്ചു. സ്നേഹത്തിന്റെ ഇഴപിരിയാത്ത
രണ്ടു "വലക്കണ്ണികൾ" ആയിരുന്നു അവർ.

പക്ഷേ, അവരുടെ ആ സന്തോഷത്തിന്
അധികം ആയുസ്സ് ഇല്ല എന്ന് അവർ കരുതിയില്ല.
അവരുടെ സ്വസ്ഥമായ ജീവിതത്തിലേക്ക് കരിനിഴലായി
അയാൾ കടന്നു വന്നു. അവർ പോലും പ്രതീക്ഷിക്കാത്ത
ഒരു അതിഥി. "പല യുവാക്കളുടെയും കുടുംബത്തി-
ന്റെയും ജീവിതം ഇരുളിലേക്ക് തള്ളിവിട്ട ഒരുവൻ!"

സ്കൂൾ വിട്ടശേഷം വീട്ടിലേക്ക് പോകുവനായി
അജ്ജുവും അനന്ദുവും നടന്ന് പോകുമ്പോൾ ആണ്

(**Note**: Graded Items may be published in **Schoolwki.** So write neatly. Don't fold paper. Don't write overleaf)

ഒരാൾ അവരെ പിന്നിൽ നിന്ന് വിളിച്ചു. അവർ പിന്നിലേക്ക് തിരിഞ്ഞ് നോക്കി. അവരുടെ ഉയർന്ന ക്ലാസ്സിൽ പഠിക്കുന്ന ഒരു വിദ്യാർത്ഥിയായിരുന്നു അത് "രാഹുൽ" അവൻ അവർക്ക് അരികിലേക്ക് വന്നു എന്നിട്ട് ഒരു മിഠായി അവർക്ക് ആയി നീട്ടിയ ശേഷം പറഞ്ഞു" രണ്ടു പേരും ക്ലാസ്സിൽ ഒന്നാം സ്ഥാനത്ത് എത്തിയത് ഞാൻ അറിഞ്ഞു. ഇത് എന്റെ വക ചെറിയ ഒരു ഉപഹാരം ആണ്.' ആദ്യം അവർ അത് വേണ്ട എന്ന് പറഞ്ഞെങ്കിലും രാഹുലിന്റെ നിർബന്ധത്തിന് വഴങ്ങി അവർ ഇരുവരും അത് കഴിച്ചു. അതിന്റെ രുചി അവരെ വളരെ ഏറെ ആകർഷിച്ചു. പതിയെ പതിയെ അവർ അതിന് അടിമകൾ ആയി തീർന്നു. ആ മിഠായിക്ക് ആയി അവർ രാഹുലിനെ നിരന്തരം ബന്ധപ്പെട്ടു. ആദ്യം ഒക്കെ വെറുതെ നൽകിയ മിഠായിക്ക് പിന്നീട് പണം വാങ്ങാൻ തുടങ്ങി. മറ്റു ചില ലഹരിയും അവരുടെ മുന്നിൽ പലരൂപത്തിൽ എത്തി. അതിനായി അവർ പണമുടക്കി.

പതിയെ, പതിയെ ലഹരിയുടെ ഉപയോഗം അവരെ ചിന്താശേഷി ഇല്ലാത്തവർ ആക്കി തീർത്തു.

അവരുടെ മാറ്റങ്ങൾ അധ്യാപകർ മാതാപിതാക്കളെ അറിയിച്ചു. പക്ഷേ അവർ അത് കാര്യമാക്കിയില്ല. വൈകാതെ അല്ലുവും അനന്ദുവും പണത്തിനായി എന്തും ചെയ്യാൻ തുടങ്ങി. ലഹരിയുടെ ദാതാക്കൾ പറയുന്ന എന്തു കാര്യവും അതുപോലെ ചെയ്യാൻ തുടങ്ങി. ക്ലാസ്സിൽ ഒന്നാം സ്ഥാനം പങ്കിട്ട കുട്ടികൾ താഴെനിന്ന് ഒന്നാംസ്ഥാനം പങ്കിട്ടു. ഇതോടെ മാതാ-പിതാക്കൾ ഇരുവരെയും ശ്രദ്ധിക്കാൻ തുടങ്ങി. പക്ഷേ സമയം വളരെ വൈകി പോയിരുന്നു, "വലക്കണ്ണികൾ"ക്ക് ഇടയിൽപ്പെട്ട് ശ്വാസം മുട്ടുന്ന മത്സ്യങ്ങളുടെ അവസ്ഥ ആയിരുന്നു ഇരുവർക്കും. "ലഹരി എന്ന മായവലയിലെ കണ്ണികൾക്ക് ഇടയിൽ-പ്പെട്ട് ഇരുവർ നിറമുള്ള ജീവിതത്തിനായി പിടയുകയായി-രുന്നു ഇരുവരും!."

വൈകാതെ ആ അവർ സ്നേഹത്തിന്റെ വലയിൽ നിന്ന് ദുഷ്ടതയുടെ "വലക്കണ്ണികൾ" ആയി തീർന്നു. മറ്റുള്ളവരെ നശിപ്പിക്കുന്ന, അവരുടെ ജീവിതങ്ങൾ ഇരുളിലാക്കി തീർക്കുന്ന തീർക്കുന്ന ദുഷ്ടതയുടെ "വലക്കണ്ണി"

നീണ്ട ചോദ്യംചെയ്യലുകളുടെയും, പരിശ്രമങ്ങളുടെയും

(**Note**: Graded Items may be published in **Schoolwki.** So write neatly. Don't fold paper. Don't write overleaf)

61st Kerala State School Kalolsavam - Jan 03 To 07, 2023
Kozhikode

61-ാമത് കേരള സ്കൂൾ കലോത്സവം
2023 ജനുവരി 3 – 7 കോഴിക്കോട്

Item Code: G40 | Participant Code: 107

ഉപദ്രവത്തിന്റെയും , ശാസനയുടെയും ഫലമായി അജുവിനെ മാതാപിതാക്കൾക്ക് ഭാഗികമായി എങ്കിലും ആ "കണ്ണി"യിൽ നിന്ന് വലിച്ച് മാറ്റാൻ സാധിച്ചു. ~~എന്നാൽ,~~

എന്നാൽ, അനന്ദു : അവന്റെ ജീവിതം ആ വലയിൽ അകപ്പെട്ട് പിടിഞ്ഞ് തീർന്നു. അവനെ ആവിശ്യം ഇല്ലാത്ത അവന്റെ അമ്മായിയും അമ്മാവനും അവനെ ഒഴിവാക്കാനായി ഉള്ള ഒരു ഉപാധിയായി അതിനെ കണക്കാക്കി.

അജുവിനെയും കൂടി മാതാപിതാക്കൾ ദൂരത്തേക്ക് പോയി. അവനെ പഴയപ്പോലെ സാധാരണ ജീവിതത്തിൽ എത്തിച്ചു. തന്നോടൊപ്പം ജീവിതനഷ്ടമായ അതിന്റെ സ്വപ്നത്തിനെ കാണാൻ അവൻ മോഹമുണ്ടായിരുന്നു. എന്നാൽ മാതാപിതാക്കൾ അതിന് വിസമ്മച്ചു.

കാലചക്രം മുന്നോട്ട് ഓടി. ~~കുട്ടിയും~~ പക്വതി അതോടൊപ്പം തന്റെ ആഗ്രഹത്തെയും , സങ്കടവും, സന്തോഷവും എല്ലാം പോക്കടിപ്പിച്ചു. അജു നാടിനെ കാക്കുന്ന ഒരു പോലീസ് ഉദ്യോഗസ്ഥൻ ആയി. സ്നേഹ ബന്ധത്തിന്റെ അനേകം കണ്ണികളിൽ ഒരാൾ ആയി അവൻ.

(**Note**: Graded Items may be published in **Schoolwki.** So write neatly. Don't fold paper. Don't write overleaf)

പക്ഷേ, സങ്കടത്തിന്റെ ഒരു നൂലിഴ് ഇപ്പോഴും അവനെ ചുറ്റുന്നു. ഒരു ചരുതിനെപ്പോലെ. അവന്റെ അനന്തു. അങ്ങനെയിരിക്കെ, വിദ്യാലയത്തിൽ ലഹരി കൊടുക്കുന്ന ഒരു കൂട്ടം സംഘത്തിന്റെ നേതാവിനെ ഒരു കൂട്ടം ഉദ്യോഗസ്ഥർ അഞ്ജുവിന്റെ മുന്നിൽ എത്തിച്ചു. ആ ചതിയുടെ മുഖം അവനെ വളരെ വിഷമിപ്പിച്ചു. അത് അവന്റെ അനന്ദു ആയിരുന്നു. പക്ഷേ, അനന്ദുവിന് അഞ്ജുവിനെ അറിയില്ല. ഒരു ഭ്രാന്തനെപ്പോലെ ഉള്ള അവന്റെ രൂപവും പെരുമാറ്റവും അവനെ സങ്കടപ്പെടുത്തി. തന്റെ ജീവിതചക്രത്തിൽ എവിടെയോ വെച്ച് പൊട്ടിപ്പോയ ഒരു നൂല് കഷ്ണം ആയി അഞ്ജുവിന് അനന്ദുവിനെ പറ്റി തോന്നി. ഒരിക്കലും പൊട്ടിപ്പോയ ആ ഇഴബന്ധം തന്നോടൊപ്പം ചേരില്ല എന്ന് പലരും പറഞ്ഞെങ്കിലും അവൻ അവന്റെ സുഹൃത്തിന്റെ ജീവിതത്തിനായി പോരാടി. എന്നാൽ ആ അറ്റുപോയ കണ്ണി ഒരിക്കൽപോലും ആ സ്നേഹ സൗഹൃദ വലയിൽ കൂടി ചേർന്നില്ല.

പൊട്ടിതീർന്ന ആ ബന്ധം ആ വലയിൽ ഒരു ചോർച്ച സൃഷ്ടിച്ചു. തന്റെ സൗഹൃദത്തിനെ ഓർത്തുള്ള

(**Note**: Graded Items may be published in **Schoolwki.** So write neatly. Don't fold paper. Don't write overleaf)

61st Kerala State School Kalolsavam - Jan 03 To 07, 2023
Kozhikode

Item Code: 640 Participant Code: 107

കണ്ണീർ പൊഴിക്കാൻ മാത്രമേ അഞ്ജുവിന് കഴിഞ്ഞുള്ളൂ.
"ദുഷ്ടതയുടെ വലയിൽ അകപ്പെട്ട ~~അരു~~
ജീവന് വേണ്ടി പൊരുതാൻ പോലും സാധിക്കാതെ,
ജീവച്ഛവമായി തീർന്ന അനന്ദു ~~ഇന്നും~~ എന്നും അഞ്ജുവി-
ന്റെ ജീവിതത്തിലെ തീരാനഷ്ടമായി അവശേഷിക്കുന്നു."
ഇതുപോലുള്ള അനന്ദുമാർ ഇനിയും "വലക്കണ്ണിയിൽ"
പെട്ട് ജീവിതം നഷ്ടമാകാതെ ഇരിക്കാൻ വേണ്ടി സമൂഹത്തി-
ൻ ശാന്തിയുടെയും ~~മ~~ മക്കളെ സ്നേഹിക്കുന്ന മാതാപിതാക്കൾക്ക്
ആശ്രയമായി തന്റെ അനന്ദുവിന് വേണ്ടി അഞ്ജു
ജീവിക്കുന്നു. ~~പ്രത്യാശയുടെ ഒരു കിരണം ആയി.~~
അനന്ദു തന്റെ ജീവിതത്തിൽ എത്തും എന്ന
പ്രത്യാശയുടെ കിരണമായി.

(Note: Graded Items may be published in Schoolwki. So write neatly. Don't fold paper. Don't write overleaf)